## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1498** — **14.06.2013-ൽ മറുപടിക്ക്**

### ഒക്കൽ ഗ്രാമപഞ്ചായത്തിലെ സീഡ് ഫാമിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പെരുമ്പാവൂർ മണ്ഡലത്തിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ സീഡ് ഫാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. 2012-13 വർഷത്തിൽ ഒക്കൽ വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും ഒന്നാം വിളക്കാലത്ത് 25798 കി.ഗ്രാം നെൽവിത്തും രണ്ടാം വിളക്കാലത്ത് 23846 കി.ഗ്രാം നെൽവിത്തും ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 122 കിലോഗ്രാം പച്ചക്കറി വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്.<br><br>2013 - 14 വർഷത്തിൽ 13.8 ഹെക്ടർ സ്ഥലത്ത് ഒന്നാംവിള കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഫാമിന്റെ വിപുലീകരണത്തിന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | ബി) ഫാമിന്റെ വിപുലീകരണത്തിനായി 2013 - 14 വർഷത്തിൽ ജില്ലാ പഞ്ചായത്ത് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>1. വിത്തുല്പാദന കേന്ദ്രം ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം (21.80 ലക്ഷം രൂപ)<br>2. ജലസേചന തോടുകളുടെ അറ്റകുറ്റ പണികൾ (6.80 ലക്ഷം രൂപ)<br>3. വിത്തു സംഭരണ മുറികളുടെ പുനരുദ്ധാരണം (6.10 ലക്ഷം രൂപ) |
| സി) വിപുലീകരണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി അറിയിക്കുമോ? | സി) ടി പദ്ധതികൾക്ക് ആലപ്പുഴ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകുന്നതിനായി പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപന എക്സിക്യൂട്ടീവ് എൻജിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ